പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1423 21.03.2012 ൽ മറുപടിക്ക്

## മ്യൂസിയങ്ങളും മൃഗശാലകളും നവീകരിക്കുന്നതിന് കർമ്മ പദ്ധതി

ചോദ്യം

ശ്രീ. വി.ഡി.സതീശൻ
ശ്രീ.ബെന്നി ബഹനാൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.എ.റ്റി.ജോർജ്

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങളും മൃഗശാലകളും നവീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | മ്യൂസിയങ്ങളും മൃഗശാലകളും നവീകരിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്<br>1.<u>പുതിയ ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ നിർമ്മാണം</u><br>രാജാരവിവർമ്മയുടെയും ലോകപ്രസിദ്ധരായ മറ്റ് ചിത്രകാരന്മാരുടെയും അപൂർവ്വവും വിലമതിക്കാനാകാത്തതുമായ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് ആധുനിക രീതിയിലുള്ള ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>2.<u>കോഴിക്കോട് ആർട്ട് ഗ്യാലറിയുടെ നവീകരണം</u><br>പ്രശസ്ത ചിത്രകാരനായ ശ്രീ.വി.കെ.കൃഷ്ണമേനോന്റെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനായി കോഴിക്കോട് വിശാലമായ ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതാണ്.<br>3.<u>ആർട്ട് മ്യൂസിയത്തിന്റെ പ്രദർശന രീതിയുടെ നവീകരണം</u><br>ആർട്ട് മ്യൂസിയത്തിലെ പ്രദർശനരീതി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കേരളം മ്യൂസിയം |

| | | | |
|---|---|---|---|
| | | | മുഖേന സ്വീകരിച്ചുവരുന്നു.<br>4.കെ.സി.എസ്.പണിക്കർ ഗ്യാലറിയുടെ നവീകരണം<br>പ്രശസ്ത ചിത്രകാരനായ ശ്രീ.കെ.സി.എസ്.പണിക്കരുടെ നാമധേയത്തിലുള്ള ഗ്യാലറി നവീകരിച്ച് കെ.സി.എസ്.പണിക്കരുടെ ചിത്രങ്ങളെല്ലാം എൻ.ആർ.എൽ.സിയുടെ സഹായത്തോടെ കേടുപാടുകൾ തീർത്ത് സംരക്ഷിക്കുന്നതാണ്.<br>5.വിശാലമായ പക്ഷിക്കൂടിന്റെ നിർമ്മാണം<br>തിരുവനന്തപുരം മൃഗശാലയിലെ പക്ഷികൾക്ക് സ്വതന്ത്രമായി പറക്കുന്നതിനുള്ള വിശാലമായ പക്ഷിക്കൂടിന്റെ നിർമ്മാണം നടന്നു വരുന്നു.കൂടാതെ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ നിബന്ധനകൾക്ക് വിധേയമായി മൃഗങ്ങളുടെ നിലവിലുള്ള കൂടുകൾ നവീകരിച്ചു വരുന്നു. |
| (ബി) | നിലവിലുള്ള ടിക്കറ്റ് കൌണ്ടറുകൾ നവീകരിച്ച് ഓട്ടോമാറ്റിക് ടിക്കറ്റ് കിയോസ്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) & (സി) | തിരുവനന്തപുരം മ്യൂസിയം മൃഗശാലയിൽ ഓട്ടോമാറ്റിക് ടിക്കറ്റ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് സി ഡിറ്റുമായി ബന്ധപ്പെടുകയും ടിക്കറ്റ് മെഷീൻ സ്ഥാപിക്കുന്നതിന് 38,85,000 രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ